പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5610 — 02.07.2014 - ൽ മറുപടിക്ക്

## ആശുപത്രി ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള കോമ്പൻസേഷൻ ലീവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ വകുപ്പിനു കീഴിലെ നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റുമാർ, വർക്കർമാർ, ഹോസ്പിറ്റൽ അറ്റൻഡന്റുമാർ എന്നിവർക്ക് അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിനു പകരമായി അനുവദിച്ച കോമ്പൻസേഷൻ അവധികൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പൊതു അവധിയോടൊപ്പം 22 ദിവസത്തെ കോമ്പൻസേഷൻ അവധിയും ആരോഗ്യ വകുപ്പിൽ 45 കോമ്പൻസേഷൻ അവധിയും പ്രതിവർഷം അനുവദിക്കുന്നുണ്ട് |
| ബി) സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ഹോമിയോപ്പതി വകുപ്പ്, നാട്ടു ചികിത്സാ വകുപ്പ് എന്നിവിടങ്ങളിലെ ജീവനക്കാർക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന കോമ്പൻസേഷൻ അവധികൾ എത്രയാണെന്ന് പറയാമോ ; | ബി) ഹോമിയോപ്പതി വകുപ്പിലും ഭാരതീയ ചികിത്സാ വകുപ്പിലും 22 കോമ്പൻസേഷൻ അവധികൾ അനുവദിക്കുന്നുണ്ട്. |
| സി) സമാന തസ്തികകളിൽ ജോലി ചെയ്യുന്ന പ്രസ്തുത വകുപ്പുകളിലെ ജീവനക്കാർക്ക് ലഭ്യമായികൊണ്ടിരിക്കുന്ന കോമ്പൻസേഷൻ അവധി എണ്ണത്തിൽ വ്യത്യാസം ഉള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവധി എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ ? | ഉണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ